# മാന്ദ്യകാലത്തെ ബജറ്റുകൾ

ലേഖനം ● മുഹമ്മദ് പാലത്ത്

**ലോക** സമ്പദ് വ്യവസ്ഥകളെ കടപുഴക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നമ്മുടെ രാഷ്ട്രത്തെയും പിടിച്ചുലച്ചുകൊണ്ടിരിക്കുന്നു. നഷ്ടപ്പെടുന്ന തൊഴിലുകൾ, കയറ്റുമതിയിലെ വൻ കുറവ്, ഉൽപാദനത്തിന്റെ വെട്ടിക്കുറക്കൽ, തിരിച്ചുവരുന്ന പ്രവാസികൾ, കുറഞ്ഞുകൊണ്ടിരിക്കുന്ന വിദേശമൂലധന വരുമാനം, കുറഞ്ഞുകൊണ്ടിരിക്കുന്ന ചോദനം- പ്രതിസന്ധിയുടെ ചില രൂപങ്ങളാണിവ. ഈ സാഹചര്യത്തിലാണ് കേന്ദ്ര സംസ്ഥാന ബജറ്റുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

അടുത്ത വർഷത്തേക്കുള്ള വരവുചെലവുകളുടെയും വികസന ജനക്ഷേമ പ്രവർത്തനങ്ങളുടെയും ഏകദേശരൂപമാണല്ലോ ബജറ്റ്. സ്വാഭാവികമായും രാഷ്ട്രം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ ബജറ്റിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ മാന്ദ്യം കണ്ടില്ലെന്നു നടിക്കുന്ന ബജറ്റാണ് കേന്ദ്ര ധനമന്ത്രിയുടെ ചുമതലയുള്ള പ്രണബ് മുഖർജി പാർലമെന്റിൽ അവതരിപ്പിച്ചത്. ഇടക്കാല ബജറ്റ് എന്ന പേരിൽ അവഗണിക്കാവുന്നതല്ല ഇത്. ജനക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തുമ്പോൾ മാന്ദ്യത്തെയും കണക്കിലെടുക്കേണ്ടതുണ്ട്.

പുതിയ നികുതികളൊന്നും ചുമത്തിയിട്ടില്ല എന്നതാണ് ബജറ്റിലെ ഏക ആശ്വാസം. നടപ്പുവർഷത്തെ പ്രതീക്ഷിത നികുതിവരുമാനത്തിൽ 60000 കോടി രൂപയുടെ കുറവുണ്ടെന്നും അതിൽ 40000 കോടി രൂപയും സാമ്പത്തിക മാന്ദ്യംകാരണം പ്രഖ്യാപിച്ച നികുതി ഇളവുകൾ വഴിയുണ്ടായതാണെന്നും ബജറ്റിൽ പറയുന്നു. ഇക്കഴിഞ്ഞ ഡിസംബർ-ജനുവരി മാസങ്ങളിൽ പ്രഖ്യാപിച്ച 20000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് എന്തെങ്കിലും ചലനമുണ്ടാക്കിയതായി കാണുന്നില്ല. പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെടുന്ന ലക്ഷങ്ങൾക്കോ വിദേശത്തുനിന്ന് തിരിച്ചുവരുന്ന പ്രവാസികൾക്കോ യാതൊരു പുനരധിവാസ നിർദേശങ്ങളും ഈ പാക്കേജിലില്ല. കയറ്റുമതിയധിഷ്ഠിത വ്യവസായങ്ങളുടെ സ്ഥിതിയും മറ്റൊന്നല്ല. ഉൽപാദന മേഖലയെ പ്രചോദിപ്പിക്കേണ്ടത് പദ്ധതി ചെലവുകൾ വർധിപ്പിച്ചുകൊണ്ടാണ്. എന്നാൽ മൊത്ത ദേശീയോൽപാദനത്തിന്റെ അഞ്ച് ശതമാനമേ ഇതിനായി നീക്കിവെച്ചിട്ടുള്ളൂ.

പ്രതിരോധച്ചെലവിലുള്ള വൻ വർധനവാണ് ബജറ്റിന്റെ മറ്റൊരു പ്രത്യേകത. പ്രതിരോധച്ചെലവ് അധികവും ഉൽപാദനപരമല്ല. ഇസ്രയേലിൽനിന്നും അമേരിക്കയിൽനിന്നുമൊക്കെ ആയുധങ്ങളും വെടിക്കോപ്പുകളും സ്വന്തമാക്കാനാണ് ഇതിൽ ഏറിയ പങ്കും വിനിയോഗിക്കുന്നത്. ഇത്രയും തുകയുടെ ഗുണഭോക്താക്കൾ ഒരർഥത്തിൽ ആ രാഷ്ട്രങ്ങളിലെ ആയുധകമ്പനികളാണ്. ഭീകരാക്രമണ ഭീഷണി നേരിടുന്ന രാഷ്ട്രത്തിന് പ്രതിരോധ സന്നാഹത്തിലുള്ള വർധന കൂടിയേ കഴിയൂ എന്നാണ് വിശദീകര



**മൊത്തംചെലവിന്റെ ഇരുപത് ശതമാനം പലിശയടക്കാൻ ചെലവഴിക്കുന്നത് ബജറ്റ് വിശകലനംചെയ്ത വിദഗ്ധർക്കൊന്നും വാർത്തയേ ആയില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ ബജറ്റിന്റെ 20 ശതമാനവും ചെലവഴിക്കുന്നത് പലിശയടക്കാനാണ്. വരുമാനത്തിന്റെ 29 ശതമാനവും കടത്തിലൂടെ കണ്ടെത്തി മൊത്തം ചെലവിന്റെ 20 ശതമാനം പലിശയടക്കാനുപയോഗിക്കുന്നു.**

ണം. മൊത്തംചെലവിന്റെ 13 ശതമാനം അഥവാ 141703 കോടി രൂപയാണ് പ്രതിരോധത്തിന്. കഴിഞ്ഞ വർഷം 105600 കോടിയും അതിനു മുമ്പ് 96000 കോടി രൂപയുമായിരുന്നു.

മൊത്തംചെലവിന്റെ ഇരുപത് ശതമാനം പലിശയടക്കാൻ ചെലവഴിക്കുന്നത് ബജറ്റ് വിശകലനംചെയ്ത വിദഗ്ധർക്കൊന്നും വാർത്തയേ ആയില്ല. ഇതിൽ പുതുമയില്ലാത്തതുകൊണ്ടാവാം കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ ബജറ്റിന്റെ 20 ശതമാനവും ചെലവഴിക്കുന്നത് പലിശയടക്കാനാണ്. വരുമാനത്തിന്റെ 29 ശതമാനവും കടത്തിലൂടെ കണ്ടെത്തി മൊത്തം ചെലവിന്റെ 20 ശതമാനം പലിശയടക്കാനുപയോഗിക്കുന്നു. അഥവാ രണ്ട് ലക്ഷം കോടിയിലേറെ രൂപ. ധനകമ്മിയിലും വരുമാനകമ്മിയിലുമുണ്ടായ വർധന മാന്ദ്യകാല ബജറ്റിൽ ഒഴിവാക്കാനാവില്ലെന്നത് ശരിയാണ്. നടപ്പുവർഷം ധനകമ്മി 6 ശതമാനവും വരുമാനകമ്മി 4.4 ശതമാനവുമായാണ് വർധിച്ചത്. മാന്ദ്യത്തിന്റെ ഫലമായി അധികം ചെലവഴിച്ചതും നികുതി ഇളവ് ചെയ്തതുമാണ് ഇതിനു കാരണമെന്ന് മന്ത്രി വിശദീകരിക്കുന്നു. എന്നാൽ ഇളവുകളുടെ ഗുണഫലങ്ങൾ നേരിട്ട് ലഭിക്കുന്നത് ഏതാനും സമ്പന്നർക്കാണ്. ധനകമ്മിയുടെ പ്രത്യാഘാതങ്ങൾ മുഴുവൻ ജനങ്ങളെയുമാണ് ബാധിക്കുക.

അതേസമയം ഗ്രാമീണ മേഖലയുടെയും കാർഷിക മേഖലയുടെയും വളർച്ചക്ക് കാര്യമായ ശ്രദ്ധ ബജറ്റ് നൽകിയിരിക്കുന്നു. ഐ.ടി മേഖലയും സേവന മേഖലയും പ്രതിസന്ധി നേരിടുമ്പോൾ, വളർച്ചയുടെയും വികസനത്തിന്റെയും യഥാർഥ വേര് ഗ്രാമങ്ങളിലാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണോ ഇത് എന്ന് വ്യക്തമല്ല. ഒരുപക്ഷേ തെരഞ്ഞെടുപ്പ് മുമ്പിൽ കണ്ടുള്ള പൊടിക്കൈകളുമാകാം. ശുദ്ധജലം, പാർപ്പിടം, കൃഷി, ആരോഗ്യം എന്നീ മേഖലയുടെ വികസനത്തിന് 4 ശതമാനം തുക ബജറ്റിൽ നീക്കിവെച്ചിരിക്കുന്നു. അതുവഴി 2014 ആകുമ്പോൾ ദാരിദ്ര്യം പകുതിയായി കുറക്കാനാവും എന്നാണ് ലക്ഷ്യം വെക്കുന്നത്. 12 ദശലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്നും വളർച്ചാ നിരക്ക് 9 ശതമാനത്തിലെത്തിക്കുമെന്നുമുള്ള അവകാശവാദങ്ങൾ യാഥാർഥ്യമാവാൻ പ്രയാസമാണ്. ഐ.എം.എഫ് പ്രവചനമനുസരിച്ച് ലോക സാമ്പത്തിക വളർച്ച അടുത്ത വർഷം 0.5 ശതമാനം മാത്രമായിരിക്കെ 7.1 ശതമാനം വളർച്ച

**ഇതാദ്യമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കു രണ്ടു രൂപക്ക് അരി പ്രഖ്യാപിച്ച് സംസ്ഥാന ധനമന്ത്രി തോമസ് ഐസക് ശ്രദ്ധയാകർഷിച്ചിരിക്കുന്നു. മൂന്നു രൂപ രണ്ടു രൂപയാക്കി കുറക്കുന്നത് ചെറിയ കാര്യമല്ല താനും. ഒറ്റ നോട്ടത്തിൽ വികസനോന്മുഖവും ജനക്ഷേമപരവുമാണ് ബജറ്റ്. എന്നാൽ മാന്ദ്യം നേരിടുന്നതിന് പ്രത്യേക പദ്ധതികളോ വിദേശത്തു നിന്ന് തിരിച്ചുവരുന്നവർക്ക് പാക്കേജോ പ്രഖ്യാപിച്ചിട്ടില്ല.**

നിലനിർത്തുന്ന നമുക്ക് ഇനിയും അത് നിലനിർത്താനാവുമോ എന്ന കാര്യം തന്നെ സംശയമാണ്. കാർഷികരംഗത്ത് കൈവരിച്ച 4 ശതമാനം വളർച്ചയാണ് തകരുന്ന സമ്പദ്വ്യവസ്ഥയെ പിടിച്ചുനിർത്തിയത് എന്ന കാര്യം മന്ത്രി വിലയിരുത്തുന്നുണ്ട്.

ആളോഹരി വരുമാനത്തിൽ 7.4 ശതമാനം വർധനവുണ്ടായെന്നാണ് ബജറ്റ് വെളിപ്പെടുത്തൽ. എന്നാൽ രാജ്യത്ത് ദാരിദ്ര്യം വർധിച്ചുവരുന്നതായാണ് വിവിധ അന്താരാഷ്ട്ര ഏജൻസികളുടെ പഠനങ്ങൾ പറയുന്നത്. ലോക ദാരിദ്ര്യരേഖാ നിർണയ മാനദണ്ഡം ദിവസം രണ്ടു ഡോളർ എന്നാക്കി ഉയർത്തിയപ്പോൾ രാജ്യത്ത് 80 ശതമാനവും ഇതിനു താഴെയാണെന്ന് ഈയിടെ ഒരു അന്താരാഷ്ട്ര ഏജൻസി വെളിപ്പെടുത്തുകയുണ്ടായി. മാന്ദ്യം കൊണ്ടുണ്ടാവുന്ന തൊഴിൽനഷ്ടവും ഉൽപാദനക്കുറവും സൃഷ്ടിക്കുന്ന നഷ്ടംകൂടിയാവുമ്പോൾ ദാരിദ്ര്യം ഇനിയും കൂടുകയേ ഉള്ളൂ. എന്നാൽ വൻ കോർപറേറ്റുകളിലുണ്ടാവുന്ന ഉൽപാദന വർധനയനുസരിച്ച് തയാറാക്കുന്ന ആളോഹരി വരുമാനക്കണക്ക് അതിനാൽതന്നെ ദാരിദ്ര്യത്തോതറിയാൻ പര്യാപ്തമല്ല. 56 ശതമാനം ജനങ്ങൾ തൊഴിലെടുക്കുന്ന കാർഷിക മേഖലയിൽനിന്ന് ജി.ഡി.പിയിലേക്ക് 18 ശതമാനം സംഭാവനയേ ഉള്ളൂ. അതേസമയം സേവനമേഖലയിൽനിന്ന് ജി.ഡി.പിയിലേക്ക് 56 ശതമാനം സംഭാവന ലഭിക്കുമ്പോൾ അവിടെ തൊഴിലെടുക്കുന്നവർ 25 ശതമാനമേ വരൂ.

എല്ലാവർഷവും കൊട്ടിഘോഷിക്കപ്പെടുന്ന സർക്കാറുകളുടെ ഒരു പ്രകടനപത്രിക എന്നതിലപ്പുറം, നാട് നേരിടുന്ന സുപ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലോ ഫണ്ട് ലഭ്യമാക്കുന്നതിലോ നമ്മുടെ ബജറ്റുകൾ ശ്രദ്ധിക്കുന്നില്ല എന്നത് ആശങ്കാജനകമാണ്. വൻ പദ്ധതികൾ പ്രഖ്യാപിച്ച് കൈയടി നേടുകയും ശേഷം സാങ്കേതികത്വങ്ങൾ പറഞ്ഞ് മുടക്കിക്കളയുകയും ചെയ്യുന്ന പദ്ധതികൾ നിരവധിയാണ്. എല്ലാവരും ശ്രദ്ധിക്കുന്നത് ബജറ്റിൽ എത്ര നീക്കിവെച്ചു, ഏതെല്ലാം പദ്ധതികളുണ്ട് എന്നു മാത്രമാണ്. ഒരു വർഷത്തിനിടക്ക് ഇതിൽ എത്ര ചെലവഴിച്ചു എന്നും ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും ആരും അന്വേഷിക്കാറില്ല. ബജറ്റ് നീക്കിയിരിപ്പ് മുഴുവൻ ചെലവഴിക്കുകയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയും ചെയ്താൽ നമ്മുടെ നാട്ടിൽ നിന്ന് ദാരിദ്ര്യം എന്നേ ഇല്ലാതായേനെ. അതേസമയം വിലയിരുത്താത്ത പലതിനും കൂടുതൽ തുക വിനിയോഗിക്കുകയും ചെയ്യുന്നു.

## കേരള ബജറ്റ് എന്ന മായാജാലം

അരിയുടെ വിലക്കുറവ് ബജറ്റിൽ സാധാരണ വിഷയമാവാറുള്ളത് തമിഴ്നാട്ടിലും കർണാടകയിലുമൊക്കെയായിരുന്നു. എന്നാൽ ഇതാദ്യമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കു രണ്ടു രൂപക്ക് അരി പ്രഖ്യാപിച്ച് സംസ്ഥാന ധനമന്ത്രി തോമസ് ഐസക് ശ്രദ്ധയാകർഷിച്ചിരിക്കുന്നു. മൂന്നു രൂപ രണ്ടു രൂപയാക്കി കുറക്കുന്നത് ചെറിയ കാര്യമല്ല താനും. ഒറ്റ നോട്ടത്തിൽ വികസനോന്മുഖവും ജനക്ഷേമപരവുമാണ് ബജറ്റ്. എന്നാൽ മാന്ദ്യം നേരിടുന്നതിന് പ്രത്യേക പദ്ധതികളോ വിദേശത്തുനിന്ന് തിരിച്ചുവരുന്നവർക്ക് പാക്കേജോ പ്രഖ്യാപിച്ചിട്ടില്ല.

ധാരാളം പദ്ധതികൾ പ്രഖ്യാപിക്കുകയും ഫണ്ട് വകയിരുത്തുകയും ചെയ്തിരിക്കുന്നു. ചമ്രവട്ടം പദ്ധതി, മലബാർ പാക്കേജ് എന്നിവ ഇതിൽ പ്രധാനമാണ്. സാമൂഹികക്ഷേമത്തിന് ഊന്നൽ നൽകുന്ന ബജറ്റ് ഭക്ഷ്യ സുരക്ഷക്ക് 64ഉം നാളികേര വികസനത്തിന് 64ഉം കശുവണ്ടിക്ക് 46ഉം കൈത്തറിക്ക് 50.9ഉം കോടി വകയിരുത്തുന്നു. കഴിഞ്ഞ വർഷത്തേതിൽ നിന്നും വളരെ കൂടുതലാണിത്. മാന്ദ്യം നേരിടാൻ രണ്ടു വർഷത്തേക്ക് 10000 കോടിയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിൽ ഉൾപ്പെടുത്തിയത് പൊതുചെലവ് വർധിപ്പിക്കാനുള്ള നിർദേശങ്ങൾ മാത്രമാണ്. ജലവിഭവ വികസനം, പൊതുമരാമത്ത്, ഐ.ടി വികസനം, ഇ.എം.എസ്

ഭവനപദ്ധതി തുടങ്ങിയ പഴയ പദ്ധതികൾ പുതിയ കുപ്പിയിലാക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. പ്രതിസന്ധി നേരിടുന്ന ഐ.ടി മേഖല എത്രമാത്രം മാന്ദ്യം കുറക്കാൻ സഹായകമാവും എന്നത് കാത്തിരുന്നു കാണണം.

പ്രതിസന്ധിക്കിടയിലും നികുതി വരുമാനം 23 ശതമാനം വർധിച്ചതായി മന്ത്രി വ്യക്തമാക്കുന്നു. ഈ മേഖലയിലെ കാര്യക്ഷമതയാണ് നികുതി വർധിക്കാൻ കാരണം. അതിൽ മന്ത്രി അഭിനന്ദനമർഹിക്കുന്നു. എന്നാൽ പൊതുകടം 60000 കോടി കവിഞ്ഞത് ആശങ്കാജനകമാണ്. മാന്ദ്യംമൂലം തൊഴിൽ നഷ്ടപ്പെടുന്ന 5 ലക്ഷം പേരെ പുനരധിവസിപ്പിക്കാൻ പ്രത്യക്ഷ നിർദേശങ്ങൾ ബജറ്റിലില്ല. ഏഴു ശതമാനം തൊഴിലില്ലായ്മ നിലനിൽക്കുന്ന സംസ്ഥാനത്ത് ഇത് പ്രശ്നങ്ങൾ സൃഷ്ടിക്കും. റവന്യൂകമ്മി 3.4 ശതമാനമായി വർധിച്ചിരിക്കുന്നു. നികുതിയിതര വരുമാനത്തിലൂടെയാണ് വരുമാനം വർധിപ്പിക്കാൻ മന്ത്രി വഴികണ്ടെത്തുന്നത്. മലബാറിന് പ്രഖ്യാപിച്ച പാക്കേജിൽ ഏറ്റവും അനിവാര്യമായ വിദ്യാഭ്യാസ മേഖല ഉൾപ്പെട്ടിട്ടില്ല എന്നതും ആശങ്കാജനകംതന്നെ.

മാന്ദ്യം മുന്നിൽകണ്ട് തയാറാക്കിയ കേരള ബജറ്റ്, പദ്ധതി ഇതര വിഹിതമായി 8.26 ശതമാനവും പദ്ധതിച്ചെലവ് 6 ശതമാനവും മാത്രമാണ് ഉൽപാദന മേഖലയിൽ ചെലവഴിക്കുന്നുള്ളൂ. മാന്ദ്യം മുന്നിൽ കണ്ട് പദ്ധതി ചെലവ് വർധിപ്പിക്കാമായിരുന്നു. വൻ തകർച്ച നേരിടുന്ന റിയൽ എസ്റ്റേറ്റ് മേഖലയിൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കാൻ അത് ഉപകരിക്കുമായിരുന്നു. ചില സംസ്ഥാനങ്ങൾ നികുതി വളരെ കുറച്ച് ഇതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. എന്നാൽ അത്തരം നിർദേശങ്ങൾ ബജറ്റിലില്ല.

നവലിബറൽ സാമ്പത്തികനയങ്ങൾ ഇടതു സർക്കാറിന്റെ പദ്ധതികളിൽ അറിയാതെ കടന്നുവരുന്നുണ്ട്. ബി.ഒ.ടി റോഡ് വികസനവും എക്സ്പ്രസ് വേയുടെ പേരുമാറ്റിയുള്ള പ്രഖ്യാപനവും സ്വകാര്യമേഖലക്കുള്ള അമിത പ്രോത്സാഹനവും ഇതിൽ പെടുന്നു. വിദേശ മൂലധനം കടന്നുവരാൻ നമ്മുടെ തൊഴിൽ സംരക്ഷണ നിയമങ്ങൾ പോലും മാറ്റിയെഴുതുന്നത് ഈ വഴിക്കുള്ള കാൽവെപ്പാണ്.

ചുരുക്കത്തിൽ, മാന്ദ്യം നേരിടാൻ ഏതാനും ജനക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുക മാത്രമാണ് ധനമന്ത്രി ചെയ്തിരിക്കുന്നത്. തൊഴിലും വരുമാനവും വർധിപ്പിക്കാൻ ഉൽപാദന മേഖലയെ എങ്ങനെ ശക്തിപ്പെടുത്താം എന്നകാര്യത്തിൽ അൽപം കൂടി നിർദേശങ്ങൾ വേണ്ടിയിരുന്നു. അതാണ് സമ്പദ്‌വ്യവസ്ഥയുടെ നിലനിൽപിന് അടിസ്ഥാനം. തെരഞ്ഞെടുപ്പു കൂടി മുന്നിൽകണ്ട് തയാറാക്കുന്ന ബജറ്റിൽ അത്രയൊക്കെയേ നമുക്ക് പ്രതീക്ഷിക്കാനാവൂ. ■

mohdpalath@gmail.com